**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4657** **19-03-2025 - ൽ മറുപടിയ്ക്ക്**

**ശാസ്ത്രീയ ജലവിഭവ പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നദീതടങ്ങളിലെ ജലസന്തുലിതാവസ്ഥ വിലയിരുത്തിക്കൊണ്ട് ഹൈഡ്രോമേറ്റഡ് ശൃംഖലയുടെ സാന്ദ്രത വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | Flood Early Warning System Project- ൽ ഉൾപ്പെടുത്തി International Centre for Free and Open-Source Software (ICFOSS) മുഖേന Hydro-met ഉപകരണങ്ങളായ Automatic Rain Gauge (ARG) (മഴവെള്ളം അളക്കുന്നതിനുള്ള ഉപകരണം), Automatic Water Level Recorder (AWLR) (പുഴയിലെ വെള്ളത്തിന്റെ ലെവൽ അളക്കുന്നതിനുള്ള ഉപകരണം) എന്നിവ Install ചെയ്യാനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | സംസ്ഥാനത്തെ ജലസ്രോതസ്സുകളിലും ജലസംഭരണികളിലുമുള്ള ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ? | (ബി) | ജല അതോറിറ്റിയുടെ വിവിധ ജലവിതരണ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് അടക്കം 86 ജല ഗുണനിലവാര പരിശോധനാ ലാബുകൾ വിവിധ ജില്ലകളിലായി പ്രവർത്തിച്ചു വരുന്നു. ഈ പരിശോധന ഫലം കേന്ദ്ര ജലശക്തി മന്ത്രാലയത്തിനു കീഴിലുള്ള WQMIS (Water Quality Management Information System) സൈറ്റിൽ upload ചെയ്യുന്നു. ഇതിൽ മലിനീകരിക്കപ്പെട്ട സാമ്പിളുകൾ ഉണ്ടെങ്കിൽ അത് DWSM (District Water and Sanitation Mission) മെമ്പർ സെക്രട്ടറിക്കു പരിശോധിക്കാവുന്നതും ഇതിനുള്ള പ്രതിവിധികൾ സ്വീകരിച്ചതിന് ശേഷം റീടെസ്റ്റ് ചെയ്യുന്നതിന് വേണ്ടി നിർദ്ദേശിക്കാവുന്നതുമാണ്. ഇത്തരം നിർദ്ദേശം ലഭിച്ചു കഴിഞ്ഞാൽ ജല ഗുണനിലവാര പരിശോധന ലാബുകൾ, മലിനീകരിക്കപ്പെട്ടിരുന്ന അതേ സ്ഥലത്ത് നിന്നു തന്നെ വീണ്ടും സാമ്പിളുകൾ ശേഖരിച്ചു പരിശോധിക്കുന്നതും പരിശോധനാ ഫലം സൈറ്റിൽ upload ചെയ്യുകയും ജല ഗുണ നിലവാരം മെച്ചപ്പെടുത്തുന്ന നടപടികൾ അതാതു പദ്ധതികളുടെ |

മേൽനോട്ടം നിർവഹിക്കുന്ന വിവിധ ഓഫീസുകൾ സ്വീകരിക്കുകയും ചെയ്യുന്നതുമാണ്.

ഭൂജല ഗുണനിലവാരം, ഭൂജല വിതാനം എന്നിവയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ മനസ്സിലാക്കുവാൻ സംസ്ഥാനത്ത് ഉടനീളം 1349 എണ്ണം നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ നിരീക്ഷണ കിണറുകളിൽ നിന്ന് മഴക്കാലത്തിനു ശേഷമുള്ളതും മുമ്പുള്ളതുമായ സാമ്പിളുകൾ ശേഖരിക്കുകയും ആയത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് റീജണൽ ലാബുകളുടെ സഹായത്തോടെ ഗുണനിലവാര പരിശോധന നടത്തി വരുന്നു. നാഷണൽ ഹൈഡ്രോളജി പ്രൊജക്റ്റിന്റെ സഹായത്തോടുകൂടി 28 ലക്ഷം രൂപ ചെലവിൽ 28 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ കെമിസ്ട്രി ലാബ് ജല ഗുണനിലാവാര പരിശോധന നടത്താൻ കഴിയുന്ന വിധം നവീകരിച്ചിട്ടുണ്ട്. കൂടാതെ ഒരു സഞ്ചരിക്കുന്ന ജല പരിശോധനാ ലാബ് സജ്ജമാക്കുകയും ഇത് ഉപയോഗിച്ച് എല്ലാ ജില്ലകളിലും ജലഗുണ നിലവാര പ്രശ്നങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ള ഒരു ബ്ലോക്ക് തിരഞ്ഞെടുത്ത്, ആയതിൽ ഒരു സ്ക്വയർ കിലോമീറ്റർ ഗ്രിഡ് അടിസ്ഥാനത്തിൽ സാമ്പിളുകൾ ശേഖരിച്ച ജലഗുണനിലവാരം പരിശോധിച്ച് ഡാറ്റാബേസ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

ഐ.ഡി.ആർ.ബി കാര്യാലയത്തിന്റെ ഉപകാര്യാലയമായ ഫീൽഡ് സ്റ്റഡീസ് സർക്കിൾ, തൃശ്ശൂർ കാര്യാലയത്തിനു കീഴിൽ എൻ.എച്ച്.പി. ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാട്ടർ ക്വാളിറ്റി ലെവൽ-2 ലാബിൽ സംസ്ഥാനത്തിലെ എല്ലാ പുഴകളിലേയും റിവർഗേജ് സ്റ്റേഷനുകളിലെയും ജലം ശേഖരിച്ച് (ദ്വൈമാസ ക്രമത്തിൽ) വിവിധ ജലഗുണനിലവാര പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ ഏതാനും ഡാമുകളിലെ ജലവും ഇതേ രീതിയിൽ പരിശോധിച്ച് വരുന്നുണ്ട്. നാഷണൽ ഹൈഡ്രോളജി പ്രൊജക്ടിനു കീഴിൽ തൃശ്ശൂർ കോർപ്പറേഷനിലെ ജലസ്രോതസ്സുകളിലും ജലസംഭരണികളിലുമുള്ള ജലത്തിന്റെ ഗുണനിലവാര പഠനവുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ മേയർ, കൗൺസിലർമാർ, സി.ഡബ്ല്യു.ആർ.ഡി.എം. ശാസ്ത്രജ്ഞർ, കമ്യൂണിറ്റി മെഡിസിൻ, ജില്ലാ മെഡിക്കൽ ഓഫീസർ, ഹരിതകേരള മിഷൻ, ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർ, ഭൂജലവകുപ്പ് ജില്ലാ ഓഫീസർ, ജില്ലാ എൻവയോൺമെന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി

ജലഗുണനിലവാര ബോധവൽക്കരണ ശില്പശാല നടത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ നീർച്ചാലുകൾ ജനകീയമായി വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി 'ഇനി ഞാനൊഴുകട്ടെ'' എന്ന പേരിൽ ഒരു ക്യാമ്പയിൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഇതുവരെ 90039 കി.മീ നീളത്തിൽ നീർച്ചാലുകൾ പുനരുജ്ജീവിക്കപ്പെട്ടിട്ടുണ്ട്. കിണറുകളിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് ജനങ്ങളുടെ ആശങ്കയകറ്റുന്നതിനും ജലഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു ഹയർ സെക്കൻഡറി സ്കൂളിൽ വീതം പ്രാഥമിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതി വിഹിതം, ആർ.കെ.ഐ. ഫണ്ട് എന്നിവ വിനിയോഗിച്ച് സംസ്ഥാനത്ത് നാളിതുവരെ 319 ലാബുകൾ ഇത്തരത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി' യുടെ ഭാഗമായി നദീതടത്തിനകത്തു വരുന്ന ചെറുനീർത്തടങ്ങളെ ആധാരമാക്കി തയ്യാറാക്കിയിട്ടുള്ള "സംയോജിത നീർത്തട പ്ലാനുകൾ" റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി തയ്യാറാക്കി ജല സ്രോതസ്സുകളുടെ സംരക്ഷണത്തിനു വേണ്ടിയുള്ള മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പുഴകളിലെ ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് തുടർച്ചായ മോണിറ്ററിംഗ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിവരുന്നു. കൂടാതെ, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് & മാനേജ്മെന്റ്, കോഴിക്കോട് എന്ന സ്ഥാപനവും പുഴകളിലെ ജലഗുണനിലവാര പരിശോധന നടത്തുകയും റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

"ജലനിധി" പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ സാമൂഹ്യ കുടിവെള്ള പദ്ധതികളുടെ ഉടമസ്ഥാവകാശം അതത് ഗ്രാമപഞ്ചായത്തിനും ഗുണഭോക്തൃ സമിതികൾക്കുമാണ്. കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതികൾ നിർവ്വഹിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ